

Fr. Mathew Vattakalam A Pioneer In Kottayam Diocesan Cause

# ഫാ. മാത്യു വട്ടക്കളം

കുമരകം വള്ളറെ പുത്തൻപള്ളി ഇടവക വട്ടക്കളത്തിലായ കിഴക്കേവാലേൽ കുടുംബത്തിൽ 1864 മാർച്ച് 18-നു ഫാദർ മാത്യു വട്ടക്കളം ജാതനായി. മാതൃഭാഷാഭ്യസനത്തെ തുടർന്ന് മംഗലപ്പുഴ സെമിനാരിയിൽ ചേർന്ന് വൈദികപഠനമാരംഭിച്ചു. 1888-ൽ ഉന്നതവിദ്യാഭ്യാസാർത്ഥം റോമയിലെ പ്രോപ്പഗാന്താ കോളജിൽ ചേർന്നു. ഒൻപതു വർഷത്തോളം അവിടെ താമസിച്ചു പോർട്ടുഗീസ്, ലത്തീൻ, ഇറ്റാല്യൻ എന്നീ ഭാഷകളും വൈദികശാസ്ത്രങ്ങളും പഠിച്ച് ബി.ഡി.ബിരുദം സമ്പാദിച്ചു. 1897-ൽ വൈദികപട്ടം സ്വീകരിച്ചു.

നാട്ടിൽ തിരിച്ചെത്തിയ ഉടനെ അദ്ദേഹം ചങ്ങനാശ്ശേരി വികാരി അപ്പസ്തോലിക്ക് മാക്കീൽ മത്തായി മെത്രാന്റെ പ്രൈവറ്റു സെക്രട്ടറിയായി നിയമിതനായി. പത്തുവർഷത്തോളം ഈ ജോലി അദ്ദേഹം സതുത്യർഹമായി വഹിച്ചു. ഇടയ്കു സുഖമില്ലാതെ വരികയാൽ വിശ്രമർത്ഥം കൊല്ലത്തുപോയി താമസിക്കുകയും തദവസരത്തിൽ കൊല്ലം, വാടി എന്ന രണ്ടു പള്ളികളുടെ ചുമതല വഹിക്കുകയും ചെയ്തു. കൊല്ലത്തുനിന്നു തിരിച്ചെത്തിയ ഉടനെ മെത്രാൻ അദ്ദേഹത്തെ കോട്ടയം ഇടയ്ക്കാട്ടു പള്ളി ഫൊറോനാ വികാരിയായി നിയമിച്ചു.

എട്ടുവർഷത്തോളം ഇടയ്ക്കാട്ടു പള്ളി വികാരി അയിരുന്നു കാലത്ത് പല പൊതുകാര്യങ്ങളിലും അദ്ദേഹം നേതൃത്വം വഹിച്ചിരുന്നു. അതിൽ സർവപ്രധാനമായ ഒന്നാണ് 1910-ൽ പ്രസിദ്ധീകൃതമായ മലയാളത്തെ സുറിയാനി ക്രിസ്ത്യനികളുടെ പുരാതന പാട്ടുകൾ എന്ന കൃതി. പഴയ കുടുംബങ്ങളിൽ താളിയോലഗ്രന്ഥങ്ങളിൽ സുക്ഷിച്ചിരുന്ന ഈ പാട്ടുകൾ തേടിപ്പിടിച്ചു പകർത്തിയോടുത്തും അവ മനഃപാഠമാക്കിയിട്ടുള്ളവരെക്കൊണ്ടു പാടിച്ചു കേട്ട് എഴുതിയെടുത്തും മറ്റും പ്രസിദ്ധീകരണാർത്ഥമായ രീതിയിൽ അതു തയ്യാറാക്കിയതു അദ്ദേഹമായിരുന്ന്. പക്ഷേ, പുസ്തകത്തിൽ പ്രസാധക സ്ഥാനത്തു പേരുവെച്ചിരിക്കുന്നത് സഹപ്രവർത്തകനായിരുന്ന പി. യു. ലുക്കോസിന്റെ പേരാണ്.

ഇംഗ്ലണ്ടിൽ പഴയ ഗാനങ്ങളും നാടോടിക്കവിതകളും ശേഖരിച്ചു പ്രസിദ്ധീകരിച്ചതു ബിഷപ്പു പെർസിയാണ്. അതുമൂലം ഇംഗ്ലീഷ് സാഹിത്യത്തിനു വളരെ നേട്ടമുണ്ടായിട്ടുണ്ട്. അതുപോലെയുള്ള ഒരു ജോലിയാണ് ഈ പുസ്തപ്രസിദ്ധീകരണത്തിനായി പ്രഥമമായി യത്നിക്കുകയും അതിനുവേണ്ട എല്ലാവിധ സഹായസഹകരണങ്ങൾ ചെയ്യുകയും, പരിശോധനകൾ നടത്തുകയും ചെയ്തിട്ടുള്ള ചരിത്രപണ്ഡിതനും സമുദായസ്നേഹിയുമായ ഫാദർ മാത്യു വട്ടക്കുളം ചെയ്തിട്ടുള്ളത്.

അസാമാന്യനായ ഒരു തന്ത്രജ്ഞനും മിതഭാഷിയും എന്ന് പരക്കെ അറിയപ്പെട്ടിരുന്ന ഫാദർ മാത്യുവാണ് കോട്ടയം രൂപതാസ്ഥാപനത്തിന്റെ പിന്നിൽ പ്രവർത്തിച്ചിരുന്ന മേധാശക്തി. മാക്കീൽ മെത്രാനെതിരായി ചങ്ങനാശ്ശേരിയിൽ നടന്നിരുന്ന പ്രക്ഷോഭണത്തിനു പരിഹാരമായി അന്നത്തെ മൂന്നുവികാരി അപ്പസ്തോലിക്കമാർകൂടി തയ്യാറാക്കിരുന്ന നിവേദനം റോമയിൽ നേരിട്ടു കൊണ്ടുപോയി സമർപ്പിക്കുവാൻ മാക്കീൽ മെത്രാനെ പ്രരിപ്പിച്ചതു ഇദ്ദേഹമാണ്. മെത്രാനോടൊന്നിച്ച് 1911-ൽ ഫാദർ മാത്യുവും റോമാ സന്ദർശിച്ചു.

കോട്ടയം വികാരിയാത്തു സ്ഥാപിതമായി മാക്കീൽ മെത്രാനെ ചങ്ങനാശേരിയിൽ നിന്ന് അങ്ങോട്ടു സ്ഥലം മാറ്റിയതിനുശേഷം 1916 വരെ കോട്ടയം ഫെറോനായുടെ വികാരിയായി തുടർന്നുപോന്നു. ഇടയ്കു വീണ്ടും സുഖക്കേടു ബാധിക്കയാൽ വികാരിത്വജോലി ഉപേക്ഷിച്ച് നാട്ടകം കുരിശുപള്ളിയിൽ പോയി താമസിച്ച് ആ പള്ളിയുടെ കാര്യങ്ങൾ നടത്തിക്കൊണ്ടിരുന്നു. ഈ അവസരത്തിൽ വാകത്താനത്തു വി. മത്തായി ശ്ലീഹായുടെ നാമത്തിൽ ഒരു പള്ളി സ്വന്തം ചെലവിൽ അദ്ദേഹം പണികഴിപ്പിച്ചു.

ഇങ്ങനെയിരിക്കെ ഏതാനം ദിവസത്തെ ചികിത്സക്കായി അദ്ദേഹം കോട്ടയം അരമനയിൽപോയി താമസിച്ചു. ആവസരത്തിൽ 1917 ആഗസ്റ്റ് 24-നു ഹൃദ്രോഗബാധിതനായി അദ്ദേഹം നിര്യാതനായി മൃതദേഹം ഇടവക പള്ളിയിൽ സംസ്കരിച്ചു. ചരിത്രപണ്ഡിതനും പരോപകാരിയും പൊതുക്കാര്യപ്രസക്തനുമായയ ഇദ്ദേഹത്തിന്റെ സ്മരണ സമുദായത്തിൽ സജീവമായിരിക്കുന്നു.

"[illegible]" By: Mo. Joseph NEDUMKUNNAM.